"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായവകുപ്പ് - നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് മാർജിൻമണി വായ്പ- പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ.(സാധാ) നം.354/2024/ID തീയതി,തിരുവനന്തപുരം, 21-05-2024

---

പരാമർശം:- 1. 17/10/2023 തീയതിയിലെ സ.ഉ(സാധാ) നം.1069/2023/വ്യവ

2. 22/02/2024 തീയതിയിലെ സ.ഉ(സാധാ) നം.151/2024/വ്യവ

3. കൈത്തറി ഡയറക്ടറുടെ 10/03/2024 തീയതിയിലെ എച്ച്.എൽ/750/2023-സി9 നമ്പർ കത്ത്.

**ഉത്തരവ്**

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം നെയ്ത്തുകാർക്ക് യാൺബാങ്കുകൾ മുഖേന ലഭ്യമാക്കുന്നതിനായുള്ള മാർജിൻമണി ലോൺ പദ്ധതിയ്ക്കായി 2022-23 സാമ്പത്തികവർഷത്തിൽ അനുവദിച്ച 60 ലക്ഷം രൂപയിൽ, ട്രഷറി നിയന്ത്രണം കാരണം റിലീസ് ചെയ്തു നൽകുവാൻ ബാക്കി നിന്നിരുന്ന 52,50,000/- രൂപയ്ക്ക്, 2023-24 സാമ്പത്തിക വർഷം 6851-00-103-89(പി) ശീർഷകത്തിൻ കീഴിൽ പദ്ധതി ബഡ്ജറ്റ് വിഹിതമായ 100 ലക്ഷം രൂപയിൽ നിന്നും ഭരണാനുമതിയും റിലീസ് അനുമതിയും നൽകി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

2) കൂടാതെ, പ്രസ്തുത പദ്ധതിയ്ക്കായി, 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും 6851-00-103-89(പി) ശീർഷകത്തിൻ കീഴിൽ ബാക്കി നിന്നിരുന്ന 47,50,000/- രൂപയ്ക്ക് സൂചന(2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

3) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം നെയ്ത്തുകാർക്ക് യാൺബാങ്കുകൾ മുഖേന ലഭ്യമാക്കുന്നതിനായുള്ള മാർജിൻമണി ലോൺ പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷം 6851-00- 103-89(പി) ശീർഷകത്തിൽ ബാക്കി നിന്നിരുന്നതും ഭരണാനുമതി ലഭ്യമായ തുമായ പ്രസ്തുത 47,50,000/- രൂപ റിലീസ് ചെയ്തു നൽകുന്നതിനായി സൂചന(3) പ്രകാരം കൈത്തറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം നെയ്ത്തുകാർക്ക് യാൺബാങ്കുകൾ മുഖേന ലഭ്യമാക്കുന്നതിനായുള്ള മാർജിൻമണി ലോൺ പദ്ധതിയ്ക്കായി 47,50,000/-രൂപ(നാൽപത്തിയേഴ് ലക്ഷത്തി അൻപതിനായിരം രൂപ)യ്ക്ക് നടപ്പ സാമ്പത്തിക വർഷത്തെ 6851-00-103-89(പി) ശീർഷകത്തിൻ കീഴിൽ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

5) പ്രസ്തുത തുകയുടെ റീലിസ് പ്രൊപ്പോസൽ, മാതൃകാ പെരുമാറ്റച്ചട്ട കാലയളവിനു ശേഷം കൈത്തറി ഡയറക്ടർ പുനസമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, K-Bip, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം

ധനകാര്യ (I&PW-A) വകുപ്പ്

വിവര-പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sreekumar R
സെക്ഷൻ ഓഫീസർ
Date: 22-05-2024 14:32:44